**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5663** **16-03-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസികളുടെ പുനരധിവാസത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; ഓരോ പദ്ധതിക്കും എത്ര രൂപ വീതം ചെലവഴിച്ചെന്നും എത്ര പേർക്ക് അതിന്റെ പ്രയോജനം ലഭിച്ചെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പ്രവാസി ഭദ്രതാ - പേൾ :- അവിദഗ്ധ തൊഴിൽ മേഖലയിൽ നിന്നുള്ള കുറഞ്ഞ വരുമാന പരിധിയിൽപ്പെട്ടവർക്കായി കുടുംബശ്രീ മുഖാന്തിരം ഒരാൾക്ക് പരമാവധി 2 ലക്ഷം രൂപ പലിശ രഹിത വായ്പ നൽകുന്ന പദ്ധതി.<br><br>പ്രവാസി ഭദ്രതാ - മൈക്രോ:- ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി കെ.എസ്.എഫ്.ഇ/കേരള ബാങ്ക് മുഖാന്തിരം ഒരാൾക്ക് പരമാവധി 5 ലക്ഷം രൂപ വായ്പയ്ക്ക്, പരമാവധി 1 ലക്ഷം രൂപ മൂലധന സബ്സിഡി + 3% പലിശ സബ്സിഡി.<br><br>പ്രവാസി ഭദ്രതാ - മെഗാ :- വ്യവസായ സംരംഭങ്ങൾക്കായി കെ.എസ്.ഐ.ഡി.സി മുഖാന്തിരം - ഒരാൾക്ക് പരമാവധി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് 3.5% പലിശ സബ്സിഡി.<br><br>നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM):- സ്വയം തൊഴിൽ സംരംഭങ്ങൾ (30 ലക്ഷം രൂപ വരെ പദ്ധതി തുക വരുന്ന സംരംഭങ്ങൾ) ആരംഭിക്കുന്നതിന് 18 പൊതു മേഖലാ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പാ സൗകര്യം (ഒരാൾക്ക് പരമാവധി 30 ലക്ഷം രൂപ വായ്പയ്ക്ക് പരമാവധി 3 ലക്ഷം രൂപ മൂലധന സബ്സിഡി + 3% പലിശ സബ്സിഡി) നൽകുന്ന പദ്ധതി.<br><br>2021 – 22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ 14,166 ഗുണഭോക്താക്കൾക്കായി 71.89 കോടി രൂപ |

| | | | |
|---|---|---|---|
| | | | **പ്രവാസി ഭദ്രത പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതേ കാലയളവിൽ 1850 ഗുണഭോക്താക്കൾക്കായി 35.23 കോടി രൂപ NDPREM പദ്ധതിയ്ക്കായും ചെലവഴിച്ചിട്ടുണ്ട്.** |
| (ബി) | മടങ്ങിവരുന്ന പ്രവാസികൾക്ക് വേണ്ടി എന്തെല്ലാം നൈപുണ്യ വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | കേരളത്തിലെ യുവതി യുവാക്കളുടെ തൊഴിൽ വൈദഗ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നോർക്ക റൂട്ട്സ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടാൻ സഹായകമാകുന്ന രീതിയിലുള്ള കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ചു നടത്തി വരുന്നു. പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിങ് മേഖലയിലെ തൊഴിൽ സാധ്യത മുൻനിർത്തി നഴ്സുമാർക്ക് അതത് രാജ്യങ്ങളിലെ ഗവ. ലൈസൻസിങ് പരീക്ഷകൾ പാസാകുന്നതിന് കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ അംഗീകൃത സ്ഥാപനമായ നേഴ്സിങ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു.<br><br>വിദേശ രാജ്യങ്ങളിൽ ഇൻഫർമേഷൻ & കമ്മ്യൂണിക്കേഷൻ മേഖലയിൽ ലഭ്യമാകുന്ന ഉയർന്ന തൊഴിൽ സാധ്യത പരിഗണിച്ച് യുവതൊഴിൽ അന്വേഷകർക്ക് ഈ മേഖലയിലെ നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് & അനലിറ്റിക്സ് തുടങ്ങിയ കോഴ്സുകളിൽ ഐ.സി.റ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകി വരുന്നു. കൂടാതെ റീ ഇന്റഗ്രേഷൻ/റീസ്കില്ലിംഗിന്റെ ഭാഗമായി കേരളത്തിലെ യുവതി/ യുവാക്കൾക്കായി IELTS/OETകോഴ്സുകളിൽ നോർക്ക-റൂട്ട്സ് ഐ.സി.റ്റി അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു. കൂടാതെ യുവജനങ്ങളെ യൂറോപ്യൻ, വടക്കേ അമേരിക്കൻ ഉപഭൂഖണ്ഡങ്ങളിൽ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിലേക്കായി നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് എന്ന സ്ഥാപനം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി സ്ഥാപനം മുഖേന German,Japanese, Spoken Arabic, English (IELTS/OET) എന്നീ ഭാഷകളിൽ പരിശീലനം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | വിദേശ മലയാളികൾക്കും വിദേശത്തു നിന്നും തിരിച്ചെത്തുന്നവർക്കും നിക്ഷേപ സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏകജാലക സംവിധാനമാണ് NBFC [NORKA Business Facilitation Center]. NBFC മുഖാന്തിരം സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി സംരംഭകർക്ക് നേരിട്ടുള്ള കൗൺസിലിംഗ്, വിവിധ വകുപ്പുകളുമായിട്ടുള്ള ഏകോപനം, വിവിധ ലൈസൻസുകളും നിയമങ്ങളും, നിക്ഷേപ സാധ്യതയുള്ള മേഖലകളും പരിചയപ്പെടുത്തുന്നതിനാവശ്യമായ സംരംഭകത്വ പരിശീലന പരിപാടികൾ നേരിട്ടും, വിദേശത്ത് ഉള്ളവർക്കായി ഓൺലൈനായും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ